<u>15 -ാം കേരള നിയമസഭ</u>

<u>3 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3747</u> <u>27-10-2021 - ൽ മറുപടിയ്ക്ക്</u>

<u>ലൈഫ്, ആർദ്രം, ഹരിതകേരളം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ മിഷനുകൾ സംയോജനം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലൈഫ്, ആർദ്രം, ഹരിതകേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ മിഷനുകൾ സംയോജിപ്പിച്ചു കൊണ്ട് പുതിയ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | മുൻ സർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ച ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, ഹരിതകേരളം എന്നീ നാല് വികസന മിഷനുകൾ വഴി വലിയ നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ട്. ഈ നേട്ടങ്ങൾ വിലയിരുത്തി, നിലവിലുള്ള പോരായ്മകൾ കൂടി പരിഹരിച്ച് മുന്നോട്ടുപോകുന്നതിനായി ഈ സർക്കാർ സമഗ്രമായ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി നിലവിലുള്ള നാല് വികസന മിഷനുകളെയും കേരള പുനർനിർമ്മാണ പദ്ധതിയേയും (Rebuild Kerala Initiative) ഉൾപ്പെടുത്തി നവകേരളം കർമ്മപദ്ധതി - 2 ന് രൂപം നൽകിയിട്ടുണ്ട്. നിലവിലുള്ള മിഷൻ പ്രവർത്തനങ്ങൾ തുടരുന്നതോടൊപ്പം തന്നെ മിഷനുകൾ തമ്മിലും വകുപ്പുകൾ, ഏജൻസികൾ എന്നിവയുമായുള്ള ഏകോപനവും വിവിധ പദ്ധതികളുടെ സംയോജനവും ഉൾപ്പെടെ നവകേരളം കർമ്മപദ്ധതി സെല്ലിന്റെ നേതൃത്വത്തിൽ നടത്തും. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ ഇവയെല്ലാം ചേർന്ന് വലിയ മാറ്റങ്ങൾ ഉണ്ടാകുംവിധത്തിലുള്ള പദ്ധതിക്കാണ് രൂപം നൽകിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | നവകേരളം കർമ്മ പദ്ധതിയുടെ 06.09.2021 തീയതിയിൽ നടന്ന സംസ്ഥാനതല യോഗത്തിൽ 25.09.2021 തീയതിയോടെ മാർഗ്ഗരേഖ കരട് തയ്യാറാക്കണമെന്ന് തീരുമാനിച്ചിരുന്നു. കരട് മാർഗ്ഗരേഖ തയ്യാറാക്കുന്നതിനായി മിഷനിൽ പ്രവർത്തിച്ച വ്യക്തികൾ, ഓരോ രംഗത്തെയും വിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി ഒരു ശില്പശാല 22.09.2021-ന് നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ കരട് മാർഗ്ഗരേഖ നവകേരളം കർമ്മപദ്ധതി കോ-ഓർഡിനേറ്റർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കരട് മാർഗ്ഗരേഖ ചർച്ചകൾക്കുശേഷം ആവശ്യമായ |

| | | | |
|---|---|---|---|
| | | | ഭേദഗതി വരുത്തി അന്തിമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ